**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1611** 05/12/2014-ൽ മറുപടിയ്ക്ക്

**"തമ്പാനൂർ, കിഴക്കേക്കോട്ട ബസ് ടെർമിനലുകളുടെ ദുരവസ്ഥ"**

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തലസ്ഥാന നഗരത്തിലെ ജനത്തിരക്കേറിയ തമ്പാനൂർ, കിഴക്കേക്കോട്ട എന്നീ ബസ് ടെർമിനലുകളുടെ വർഷങ്ങളായി തുടരുന്ന ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും | ഉണ്ട്<br><br>തിരുവനന്തപുരം തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി വക സ്ഥലത്ത് കെ.റ്റി.ഡി.എഫ്.സി നിർമ്മിച്ച ബസ് ടെർമിനൽ കോംപ്ലക്സ് പ്രവർത്തന സജ്ജമായിട്ടുണ്ട്. ബസ് യാത്രക്കാർക്കു വേണ്ട സൗകര്യങ്ങളും, ഷോപ്പിംഗ് മാളും 220 – ൽ പരം കാറുകൾക്കും 500-ൽ അധികം ഇരുചക്രവാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യവും ഈ ഷോപ്പിംഗ് മാളിലുണ്ട്.<br><br>കെ.എസ്.യു.ഡി.പി.യുടെ കീഴിൽ നടന്നു വരുന്ന ഓടയുടെ നിർമ്മാണവും യാർഡ് ലെവലിംഗും യാർഡ് പേവിംഗും പൂർത്തിയാകുമ്പോൾ തമ്പാനൂരിലെ യാത്രാ ക്ലേശത്തിനും പാർക്കിംഗ് പ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരമാകും.<br><br>കിഴക്കേകോട്ടയിൽ കെ.എസ്.ആർ.ടി.സി ബസ്സുകൾക്കൊപ്പം സ്വകാര്യ ബസ്സുകളുടേയും സർവ്വീസ് കേന്ദ്രമാണ്. ആധുനിക രീതിയിലുള്ള ബസ് ടെർമിനൽ സജ്ജീകരിക്കുന്നതിന് നിലവിൽ കെ.എസ്.ആർ.ടി.സിക്ക് സാമ്പത്തിക ശേഷി ഇല്ലാത്തതാണ്. ത്രിഡ രൂപകല്പന ചെയ്തിട്ടുള്ള കൊമേഴ്സ്യൽ കോംപ്ലക്സിന്റെയും ബസ് ടെർമിനലിന്റെയും നിർമ്മാണം നടപ്പിലാക്കുന്നതോടെ കിഴക്കേകോട്ടയിലെ ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്. |
| (ബി) | വാഹന ഗതാഗതവും കാത്തുനില്പും കാൽനടയാത്രയും ദുഷ്ക്കരമായ ഈ സ്ഥിതിക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അറിവുണ്ടോ ; | | |
| (സി) | അപമാനകരമായ ഈ സ്ഥിതിവിശേഷം അവസാനിപ്പിച്ച് ഇവിടം സുരക്ഷിതമാക്കുന്നതിനുള്ള പദ്ധതി അടിയന്തിരമായി നടപ്പാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | ബസ് ഡിപ്പോയും പരിസരങ്ങളും വൃത്തിയായി പരിപാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഗതാഗത വകുപ്പിൽനിന്നും ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**